GOSPEL
PROPHECY
HOPE
Consecrated Life in the Church today

# SANTHOM VOICE

## RAMANATHAPURAM DIOCESAN BULLETIN



Volume 6 | 2015 - June | No. 6









BIBLE

**SANTHOM VOICE**

**Ramanathapuram Diocesan Bulletin**

**Volume - 6**
**2015 June**
**No. 6**



Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Editor
**Fr Thomas Kavunkal**
Mob: 0 94439 37675

Associate Editor
**Fr Alexander Chundattu O.Carm.**
Mob: 0 89033 10281

Published by
**Fr Jose Kannumkuzhy**
Bishop's House, Ramanathapuram
Ph: 0422-4221795

Website :
**www.ramanathapuramdiocese.org**
**www.ramanathapuramdiocese.com**

Conceptualisation & Print
**MARIA PRINTLINKS**
Ramanathapuram. Mob: 9042013148

Annual Subscription : **Rs 250/-**

Single Copy : **Rs 30/-**


# INDEX


| | |
|---|---|
| Intentions of the Holy Father | 02 |
| Pope Francis Tweets | 02 |
| Hearty Welcome | 02 |
| Festal Greetings | 03 |
| Letter of Cardinal | 04 |
| സഭാദിനം – ഇടയലേഖനം | 09 |
| സർക്കുലർ | 14 |
| Circular | 17 |
| National Eucharistic Congress | 20 |
| Directives and Informations | 21 |
| സമർപ്പിതസംഗമം | 22 |
| അറിയിപ്പ് | 23 |
| രൂപതാകാര്യാലയം | 23 |
| Finance Office | 26 |
| Bishop’s Engagements | 32 |
| Bishop’s Diary | 32 |
| കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം: | 34 |
| Family Apostolate | 36 |
| Santhom Social Service Society | 37 |
| Mother Theresa Peace Home | 38 |
| Seminary News | 38 |
| Catechetical News | 39 |
| Altar Boys Association | 41 |
| Holy Childhood | 41 |
| Pithruvedi | 42 |
| Syro-Malabar Mathruvedi | 42 |
| CYM News | 43 |
| Chrismatic News | 44 |
| SMRC | 45 |
| St. Joseph's School | 46 |
| Snippets | 47 |



# POPE FRANCIS TWEETS

- The love of Christ fills our hearts and makes us always able to forgive!
- It is good for us to spend time before the Tabernacle, to feel the gaze of Jesus upon us.
- When we cannot earn our own bread, we lose our dignity. This is a tragedy today, especially for the young.
- Let us learn to live with kindness, to love everyone, even when they do not love us.

## THE PRAYER INTENTIONS OF THE HOLY FATHER

**JUNE: Universal:** That immigrants and refugees may find welcome and respect in the countries to which they come.

**Evangelization:** That the personal encounter with Jesus may arouse in many young people the desire to offer their own lives in priesthood or consecrated life.

## THANKS & PRAYERS




**Minor Seminary Fr. Prefect** ആയി മറക്കാനാകാത്ത സേവനം ചെയ്ത് സ്ഥലം മാറിപ്പോകുന്ന സ്നേഹം നിറഞ്ഞ സിബിയച്ചന് പ്രാർത്ഥനാ മംഗളങ്ങൾ.

## HEARTY WELCOME



**Fr. Jose Mundackal**
Vicar, Infant Jesus Church
Edayapalayam



**Fr. Rejeesh Chamakalayil** CSJB
Asst. Vicar, Our Lady of Carmel church
Tirupur

## Festal Greetings to
# MAR PAUL ALAPPATT



**ജൂൺ 29 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന പ്രിയ പിതാവിന് പ്രാർത്ഥനാ മംഗളങ്ങൾ.**

## Festal Greetings to REV. FATHERS



**Fr. Johnson Veeppattuparambil**
June 24



**Fr. Satheesh Kanjiraparambil**
June 13



**Fr. Bijo Palayil**
June 13



**Fr. Jaju Elamkunnapuzha**
June 29

**THE CONGREGATION FOR THE EASTERN CHURCHES**
**Prot. no. 261/2014**

# LETTER OF CARDINAL LEONARDO SANDRI, PREFECT OF THE CONGREGATION FOR THE EASTERN CHURCHES ON THE OCCASION OF THE YEAR OF CONSECRATED LIFE

The consecrated life in the Catholic Oriental Churches has developed and manifested in different forms, in such a manner that the consecrated people are very much present in all the activities of the Church and with their profound zeal, have dedicated fully to their mission in the Church. In the Oriental Churches, thousands of religious men and women are actualizing their vocation in conformation with Christ, sharing every day with the faithful in their happiness, trials and tribulations, in the pilgrimage to the Kingdom of God. Those who follow the traditional monastic life, and those who are practicing any other form of consecrated life, which flowers in the Oriental Churches, play an important role today: they are called to bear authentic testimony of Christ not only in the monasteries or in religious houses in the usual territory of the Oriental Churches, but also far away from their country, among the Diaspora.

Currently, in East, the religious following the traditional mission, face innumerable new challenges, due to the sweeping changes in their societies. So, during this year, which is dedicated to the consecrated life, all the religious of the Oriental Churches are called to rediscover real spiritual treasures and to realize their vocation with renewed drive. Apart from this, all the religious institutes are invited sincerely to have openness and embrace the dynamism of the Holy Spirit who operates always and everywhere.

## 1. Bear the Authentic Testimony of Crucified and Resurrected Christ

The Oriental Christians, over the years have been exposed to various forms of persecutions. Twenty-five years ago, the European Oriental Catholics got revitalized after a difficult period of suffering. Today the Catholic Oriental Churches in Middle East, following Christ Crucified, are going through a traumatic experience of hatred, war, and forced mass migration. In adversities, the consecrated people always find themselves in the vanguard along with the people of God. They also face insurmountable difficulties to defend the most needy and weak. The monasteries and the religious houses, which exist at times in more

*1 Cfr. BENEDICT XVI, POST-SYNODAL APOSTOLIC EXHORTATION ECCLESIA IN MEDIO ORIENTE (14 September 2012), n.31*

dangerous places, serve not only as a refuge for the persecuted but also a glowing sign of the presence of Christ amidst His suffering people. The consecrated ones are the living witnesses of the presence of Christ in difficult circumstances, as explained by Saint John Paul II: "They often operate in incommodious situations; they spend their life without reserve, in the name of Christ, to serve the poor ones, the neglected ones, the marginalized ones".

Every consecrated person is called to live the crucifixion and the resurrection of Christ. Many religious men and women in all corners of the earth continue to offer a supreme and faithful witness of their love of God and brethren, a testimony that is often marked by the blood of martyrdom. Their fidelity to Christ will assure the vivacity and perseverance of the Church in adverse situations. The testimony of these consecrated persons who suffer for the faith is an inestimable treasure for God's people.

The profession of faith of the religious men and women in the Middle East might be strengthened by prayer and has to be supported by all the other religious Institutes of the Oriental Christians, because, following faithfully Christ's cross becomes the real life of solidarity with all those who suffer all over the world while the life illuminated from the light of Risen Christ gives hope to those persecuted. This solidarity is possible in a major way in the consecrated life: Saint Anthony the Great of the desert, during his lifetime itself, has confided to be a daily martyr of his conscience, fighting always the battles of the faith. For the Oriental Christians, in fact, it is clear that in the monastic life they fight and face the martyrdom of Christ almost every single day.

Through this letter I wish to encourage and support religious men and women, especially those who are now the confessors of the faith in complicated circumstances, and would like to invite all the other consecrated persons to be loyal to them in this testimony.

## 2. The Mission in Diaspora

The particularly complex challenge today, is the emigration of the faithful of the Oriental Churches to the Western countries. Due to this, many faithful settle or stay for a long period of time outside the country of their origin. Such situations threaten the loss of their ecclesial identity, their belongingness to the Church and its traditions. I would like to remind the institutes of the consecrated life of Catholic Oriental Churches, to

*2 Cfr. John Paul II, homily in St Peter's Square on Wednesday, 2 February, 2000, for the Jubilee of Consecrated Life, L'Osservatore Romano, 3 February 2000.*
*3 Ibid.*
*4 Atanasio di Alessandria, Vita di Antonio, 47, PG 26, 912B.*
*5 Pseudo Atanasio, Doctrina ad monachos, PG 28. 1424C.*

anticipate an important role which is, to follow the emigrated people and serve them in Christ. The area of mission is very vast for both women and men congregations. The mission of the consecrated people becomes necessary more so in places where no other body can assure such a service. In particular the consecrated people can work among the young and children, who have lost their purpose of life and feel lost and lonely in the changed milieu.

The presence of monasteries in the Diaspora is very auspicious as they are the irreplaceable expressions of spirituality of our Church. The Oriental monks will be able to offer the possibility to the Christian faithful of the Latin Church, to become rich in oriental spirituality as emphasized by Saint John Paul II: "The presence of Oriental monasteries would give greater stability to the Oriental Churches in those countries, and would make a valuable contribution to the religious life of Western Christians."

**3. The Participation of the Religious Institutes in the New Evangelization**

The consecrated people are fed every day with Divine Word. The presence of the Sacred scripture and listening to it and imbibing its particular characteristics are really the essence of monastic life. "The Starting point for the monk is the Word of God, a Word which calls, which invites and which personally summons, as happened to the Apostles. When a person is touched by the word obedience is born, and listening to the word changes his life. Every day the monk is nourished by the bread of the Word. Deprived of it, he is as though dead and has nothing left to communicate with his brothers and sisters because the Word is Christ, to whom the monk is called to be conformed." Such experience lived by the consecrated people is a great treasure for the Church and which can effectively serve the New Evangelization. The consecrated people, illuminated by the Divine Word, become its bearers, all over the world.

A particular tradition of the religious bodies and monasteries is to receive in the outhouse, those who wish to spend certain period of time in prayer and silence, along with the religious community. The consecrated people share the Divine Word, the Holy Eucharist and the daily food, with these guests. Moreover, people often seek monks in the monastery to get spiritual guidance and illuminated counseling. The religious communities must be open not only towards the fervent faithful, but also to those who are far from the main stream of the Church,

*6 John Paul II, APOSTOLIC LETTER ORIENTALE LUMEN (2 may 1995), n.27*
*7 ibid, n. 10.*
*8 FRANCIS, APOSTOLIC LETTER OF HIS HOLINESS TO ALL CONSECRATED PEOPLE ON THE OCCASION OF THE YEAR OF CONSECRATED LIFE (21November 2014), n. 4.*

to those who are perhaps found in the “existential periphery” and hopefully seeking for understanding and support from those who have renounced the world. In this way the communities become places which not only irradiate the love of God the Father, to His sons and the daughters, but also towards those who have lost faith and hope. This letter written with these motives is addressed to all religious, that they may generously open the doors of their communities to all those who are really thirsty for love of the Father.

**4. The Development of the Monastic Life**

At various times and in several levels, the faithful have expressed the concern for the renewal of the monastic life in the Oriental Catholic Churches. The urgent need for the regeneration of monasticism is because: "In the heart of the Church and the world, monasteries have been and continue to be eloquent signs of communion, welcoming abodes for those seek God and Spirit, schools of faith and true places of study, dialogue and culture for the building up of the life of the Church and of the earthly city itself, in expectation of the heavenly city".

It is also an important fact that the religious orders and congregations must develop internally some form of the monastic life: "It is hoped that the Eastern Orders or religious congregations are opened to the monastic experience, under the ecclesiastical law, which arise within the houses, explicitly dedicated to this lifestyle". After proper discernment, individual religious or small groups, will devote themselves to these renewed forms of monastic life.

Its value lies in the fact, that the monks and nuns show the example of Christian life to the contemporary man, harmoniously combined with the different aspects of human activity: "The monks of today likewise strive to create a harmonious balance between the interior life and work in the evangelical commitment to the conversion of life, obedience and stability, and in persevering dedication to meditation on God's word (lectio divina), the celebration of the Liturgy and prayer".

For the entire Christian community monasteries were always the places which recall the primacy of the inner life and prayer as the centre to the Christian life. In the East, the monks were the authors of spiritual

*9John Paul II, APOSTOLIC LETTER ORIENTALE LUMEN (2 may 1995), n.27.*
*10 JOHN PAUL II POST-SYNODAL APOSTOLIC EXHORTATION VITA CONSECRATA (25 march 1996), n.6.*
*11 Final Document..........., in S.I.C.O., 171.*
*12 Cfr. Ibid., 171*
*13 JOHN PAUL II, POST-SYNODAL APOSTOLIC EXHORTATION VITA CONSECRATA (25 march 1996), n.6.*
*14 BENEDICT XVI POST-SYNODAL APOSTOLIC EXHORTATION ECCLESIA IN MEDIO ORIENTE (14 september 2012), n. 51.*
*15 ibid, n. 51*

writings, and its meaning is enlightening even today. So today monasticism addresses this exhortation: "Monks and nuns have devoted their lives to prayer, sanctifying the day and night hours and bringing to their prayers the concerns and needs of the Church and all mankind. May they be a constant reminder to everyone of how important prayer is for the life of the Church and of each member of the faithful". Today Christian communities also expect the monks and nuns to become masters of the prayer for the people of God and their monasteries to be places where the faithful can find guidance in learning to pray.

The monastic life, though differing in its tradition, preserves in itself major and irreplaceable elements, and is always open to the Holy Spirit, responding to the different needs of God's people, especially those regarding the promotion of charity. The exhortation of the Fathers of the Second Vatican Council: "Retaining, therefore, the characteristics of the way of life proper to them, they should revive their ancient traditions of service and so adapt them to the needs of today that monasteries will become institutions dedicated to the edification of the Christian people". This mission is implemented by the monks and nuns in collaboration with the religious orders, congregations and with other institutes of consecrated life.

The eastern monastic and hermitical tradition, as well as the different forms of their consecrated life proper to Oriental Churches, with the richness of respective liturgical rites and their ancient traditions, deserve to be strengthened and developed, as an expression of the richness of the tradition of the Fathers and to promote a spiritual ecumenism with the monks and nuns of the other Oriental Churches that still retain the great patrimony of the first centuries.

May God help us through the intercession of the Blessed Mother, the Virgin Mary and St. John the Baptist, the Precursor.

From the Office of the Prefect of the Congregation for Eastern Churches
Rome, January 15, 2015

Leonardo Cardinal Sandri
Prefect, Congregation for the Eastern Churches
Rome

*9John Paul II, APOSTOLIC LETTER ORIENTALE LUMEN (2 may 1995), n.27.*
*10 JOHN PAUL II POST-SYNODAL APOSTOLIC EXHORTATION VITA CONSECRATA (25 march 1996), n.6.*
*11 Final Document..........., in S.I.C.O., 171.*
*12 Cfr. Ibid., 171*
*13 JOHN PAUL II, POST-SYNODAL APOSTOLIC EXHORTATION VITA CONSECRATA (25 march 1996), n.6.*
*14 BENEDICT XVI POST-SYNODAL APOSTOLIC EXHORTATION ECCLESIA IN MEDIO ORIENTE (14 september 2012), n. 51.*
*15 ibid, n. 51*

# സഭാദിനം - ഇടയലേഖനം

**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**
**മാർ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,
തോമാശ്ലീഹാ ചോദിച്ചു:

"കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല". (യോഹ 14: 5-6). ഈശോ ശിഷ്യന്മാരെ വിട്ടു പിതാവിന്റെ പക്കലേയ്ക്ക് പോകുകയാണെന്നും അവിടെച്ചെന്നു ശിഷ്യന്മാർക്ക് സ്ഥലമൊരുക്കിയശേഷം വീണ്ടും വന്ന് അവരെയും കൂട്ടിക്കൊണ്ട് പോകുമെന്നും താൻ പോകുന്നിടത്തേയ്ക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമല്ലോ എന്നും പറഞ്ഞ പശ്ചാത്തലത്തിലാണ് തോമാശ്ലീഹായുടെ ചോദ്യവും ഈശോയുടെ മറുപടിയും.

തോമാശ്ലീഹായുടെ ശുദ്ധഗതിയിലുള്ള ചോദ്യത്തിനു ഉത്തരമായിട്ടാണ് ഈശോ തന്നെക്കുറിച്ചു തന്നെയുള്ള സുവിശേഷത്തിലെ ഏറ്റം മനോഹരമായ ഈ വെളിപ്പെടുത്തൽ നടത്തിയത്. പിതാവായ ദൈവത്തിന്റെ പക്കലേയ്ക്ക് മക്കൾക്കുള്ള വഴി മിശിഹായാണ്. ഈ വഴിയിലാണ് മനുഷ്യമക്കൾ സത്യം കണ്ടെത്തുന്നതും ജീവൻ പ്രാപിക്കുന്നതും. ഈശോ സ്വർഗസ്ഥനായ പിതാവിൽ നിന്ന് വന്നവനാണ്. അവിടുത്തെ മനുഷ്യജന്മം മനുഷ്യർക്കു ജന്മസാഫല്യം നല്കാൻ വേണ്ടിയുള്ളതായിരുന്നു. മിശിഹായാകുന്ന വഴിയിലാണ് നാം നമ്മുടെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തേണ്ടത്. ഈശോ പിതാവിന്റെ പക്കലേയ്ക്ക് പോകുന്ന വഴി ഏതാണെന്നാണ് തോമാശ്ലീഹാ ചോദിച്ചത്. ഈശോയാണ് വഴിയെങ്കിൽ അവിടുത്തെ ജീവിതം തന്നെയാണ് നമുക്കും വഴിയായിത്തീരുന്നത്.

**വഴി തേടിയവൻ**

സ്വർഗത്തിലേയ്ക്കുള്ള വഴി തേടിയവനാണ് തോമാശ്ലീഹാ. മററാ

രോടുമല്ല തേടിയത്, തന്റെ ഗുരുവും നാഥനുമായ മിശിഹായോടുതന്നെ. വഴിയായവനോടു തന്നെ വഴി തേടിയവൻ. ക്രൈസ്തവനു ജീവിതപാത ക്രിസ്തുതന്നെയാണ്. മാമ്മോദീസായിൽ ക്രിസ്തുവിനോടുകൂടി ജനിക്കുക, ക്രിസ്തുവിനെപ്പോലെ ജീവിക്കുക, സഹിക്കുക, മരിക്കുക, ഉയിർക്കുക - ഇതാണ് ക്രൈസ്തവന്റെ ജീവിതപാത. ഈ ജീവിത ശൈലിയെ ക്രിസ്തുമാർഗം എന്ന് ആദിമ ക്രൈസ്തവർ വിശേഷിപ്പിച്ചതായി അപ്പസ്തോലന്മാരുടെ ഗ്രന്ഥത്തിൽ നാം കാണുന്നു. (അപ്പ. 9:2). തോമാശ്ലീഹാ പഠിപ്പിച്ച ഈ മാർഗത്തെ ഭാരതത്തിലെ ആദിമ ക്രൈസ്തവർ തോമ്മാമാർഗം എന്ന് വിശേഷിപ്പിച്ചു. ഈ തോമ്മാമാർഗം സ്വീകരിച്ചവരാണ് നമ്മുടെ പൂർവ്വികരായ മാർത്തോമാക്രിസ്ത്യാനികൾ.

**വഴിയേ നടന്നവൻ**

മിശിഹായാണ് വഴിയെന്ന് തിരിച്ചറിഞ്ഞ തോമാശ്ലീഹാ ആ വഴിയേ നടന്നു. മിശിഹാനുഭവം തന്റെ അനുഭവമായി സ്വീകരിച്ചു. 'എനിക്ക് ജീവിതം ക്രിസ്തുവാണെന്ന് ' വി. പൗലോസ് ശ്ലീഹായും പറയുന്നുണ്ടല്ലോ. (ഫിലി. 1 :21). ഈശോ ശിഷ്യന്മാരെ ഗലീലിയിലെ ശുശ്രൂഷയ്ക്കായി അയയ്ക്കുമ്പോൾ അവർക്കുണ്ടാകാവുന്ന പീഡകളെക്കുറിച്ച് പറയുന്നുണ്ട്. ശിഷ്യന്മാരുടെ പീഡകൾ ഗുരുവിന്റെ പീഡകൾക്ക് സമാനമാണെന്നും അവിടുന്ന് പറഞ്ഞു. "ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല. ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻ യജമാനനെപ്പോലെയും ആയാൽ മതി."( മത്താ 10: 24 – 25.). ഈശോ യൂദയായിൽ ലാസറിന്റെ ഗ്രാമമായ ബഥാനിയായിലേയ്ക്കു പോകാൻ ആഗ്രഹിച്ചപ്പോൾ ശിഷ്യന്മാർ തടസപ്പെടുത്തിക്കൊണ്ട് പറഞ്ഞു, യഹൂദർ അവിടുത്തെ കല്ലെറിയാൻ കാത്തിരിക്കുകയാണ് എന്ന്. അപ്പോൾ തോമാശ്ലീഹാ സഹശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ ശിഷ്യത്വത്തിന്റെ ആഴം വ്യക്തമാക്കുന്നവയാണ്. തോമസ് പറഞ്ഞു, " അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം." ( യോഹ 11: 16). താൻ പ്രസംഗിച്ച ക്രിസ്തുമാർഗം മനസ്സിലാക്കാത്ത എതിരാളികൾ മൈലാപ്പൂരിലെ ചിന്നമലയിൽ തന്നെ കുന്തത്താൽ കുത്തി മരണപ്പെടുത്തിയപ്പോൾ തോമാശ്ലീഹായുടെ ആ ആഗ്രഹം പൂർത്തീകരിക്കപ്പെട്ടു. ചിന്നമല തോമാശ്ലീഹായ്ക്കു കാൽവരിയായി. മിശിഹായോടൊപ്പം തോമസും മരിച്ചു. അതായിരുന്നു

തോമാശ്ലീഹായുടെ ജീവിതപാതയിൽ മിശിഹാ അനുഭവത്തിന്റെ പൂർത്തീകരണം. അപ്പോഴും ശ്ലീഹാ ഉദീരണം ചെയ്തിട്ടുണ്ടാവണം. "എന്റെ കർത്താവേ, എന്റെ ദൈവമേ!" എന്ന്. ഉയിർത്തെഴുന്നേററ മിശിഹായെ ദർശിച്ചപ്പോൾ തോമാശ്ലീഹാ പറഞ്ഞ ഈ വാക്കുക ളാണ് സുവിശേഷത്തിൽ നാം കാണുന്ന ഏററവും പ്രധാനപ്പെട്ട വിശ്വാസപ്രഖ്യാപനമെന്ന് 'സത്തിലെ ഈശോ' എന്ന ഗ്രന്ഥത്തിൽ ബനഡിക്ററ് പതിനാറാമൻ മാർപാപ്പ പറയുന്നു.

**വഴിയേ നടക്കേണ്ടവർ**

ക്രിസ്തുമാർഗം സ്വീകരിച്ചവർ ക്രിസ്തുപാതയിൽ നടക്കണം. നമുക്ക് മാർഗഭ്രംശം സംഭവിക്കുമ്പോൾ നമ്മുടെ വിശ്വാസ്യതയ്ക്കു നഷ്ടം സംഭവിക്കുന്നു. മദ്യപാനം, ധൂർത്ത്, ആഡംബരഭ്രമം മുതലായ തിന്മകൾ ക്രൈസ്തവരുടെ ഇടയിൽ നിലനില്ക്കുന്നുവെന്ന വിമർശനം കേൾക്കാറുണ്ട്. വിമർശനങ്ങളെ അസഹിഷ്ണുതയോടെ കണ്ടിട്ടു കാര്യമില്ല. ക്രിസ്തുവിൽ വിശ്വസിച്ചു ജീവിതം നയിക്കുന്നവ രിൽ നിന്ന് അവിടുത്തെ ജീവിതശൈലിക്ക് യോജിച്ച ഒരു ജീവിതം മറ റുള്ളവർ പ്രതീക്ഷിക്കുന്നു. ക്രൈസ്തവരും ക്രൈസ്തവ സഭകളും വിമർശിക്കപ്പെടുന്നതിന്റെ കാരണവും പലപ്പോഴും അതുതന്നെയാണ്. ശത്രുവിനെവരെ സ്നേഹിക്കണമെന്ന് പഠിപ്പിക്കുകയും ആ സ്നേഹം സ്വന്തം ജീവിതം വഴി സാക്ഷ്യപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതപാത എത്രയോ ഉന്നതമാണ്. അത്രയ്ക്ക് ഉന്നതമായ ഒരു ജീവി തശൈലി ക്രൈസ്തവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ക്രൈസ്തവ രുടെയിടയിലെ തിന്മകളുടെ പേരിൽ ക്രൈസ്തവർ വ്യക്തികളായും സമൂഹങ്ങളായും ചെയ്യുന്ന അനേകം നന്മകൾ വിസ്മരിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷവും ഇന്നുണ്ട്. ഭാരതത്തിലെ വിദ്യാഭ്യാസരം ഗത്തും ആതുരശുശ്രൂഷാരംഗത്തും ക്രൈസ്തവർ നല്കിയ സംഭാവ നകൾ ആർക്കുനിഷേധിക്കാൻ കഴിയും?. കാരുണ്യപ്രവർത്തനങ്ങ ളിലും ക്രൈസ്തവ സഭകൾ മുൻപന്തിയിലാണല്ലോ. ക്രൈസ്തവ രുടെ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൂടിയല്ലേ മററ നേകം സമൂഹങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ഈ രംഗത്ത് വലിയ സംഭാവനകൾ നല്കി പ്രവർത്തിക്കുന്നത്. ഭിന്നശേഷി യുള്ളവർക്കുവേണ്ടി യുള്ള ക്ഷേമപ്രവർത്തനങ്ങളിലും ക്രൈസ്തവർ ഏറെ വ്യാപൃതരാണ്. ഇത്തരം നന്മ പ്രവൃത്തികളോടൊപ്പം നമ്മുടെ

ഇടയിൽ വ്യാപിക്കുന്ന തിന്മകളെ ദൂരീകരിച്ചുകൊണ്ട് നമ്മുടെ ജീവിത സാക്ഷ്യത്തെ ക്രിസ്തു സദൃശമാക്കാൻ നമുക്കു പരിശ്രമിക്കാം. വൈദികരും സമർപ്പിതരും അല്മായരും ഒത്തൊരുമിച്ച് സഭാനവീകരണത്തിനായി ശ്രമിക്കേണ്ടിയിരിക്കുന്നു. സമർപ്പിതവർഷാചരണവും കുടുംബത്തെക്കുറിച്ചുള്ള സിനഡുകളും തന്നെ സഭയുടെ പൊതുവായ നവീകരണത്തെ ലക്ഷ്യം വച്ചുള്ളതാണല്ലോ. കത്തോലിക്കാ കോൺഗ്രസ്സ്, യൂത്ത് മൂവ്മെന്റ്, മാതൃവേദി മുതലായ അത്മായ പ്രസ്ഥാനങ്ങളുടെ നവോത്ഥാനത്തിലൂടെയും സഭാനവീകരണം കാര്യക്ഷമമായി നടക്കുമെന്ന് പ്രതീക്ഷിക്കാം.

മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വം അനുസ്മരിക്കുന്ന ഈ ദുക്റാനാത്തിരുനാളിൽ വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച എല്ലാ ക്രൈസ്തവരെയും, വിശിഷ്യ ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളിൽ അടുത്തകാലത്ത് കൊലചെയ്യപ്പെട്ടവരെയും, ഭാരതത്തിലെ സി. റാണി മരിയായെപ്പോലുള്ളവരെയും അനുസ്മരിച്ച് വിശ്വാസത്തിൽ നമുക്ക് ആഴപ്പെടാം.


വിവിധ മതവിശ്വാസികൾ വസിക്കുന്ന നാടാണ് നമ്മുടെ ഭാരതം. എല്ലാ മതങ്ങളിലെയും നന്മകളെ അംഗീകരിക്കാനും ആദരിക്കാനും അങ്ങനെ പരസ്പര ബഹുമാനത്തോടെ ജീവിക്കാനും നമുക്കു സാധിക്കണം. മാർഗവും സത്യവും ജീവനുമായ മിശിഹായെ പ്രഘോഷണം ചെയ്യുന്ന തിരുസ്സഭ ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും തിരസ്ക്കരിക്കുന്നില്ല. “മററു മതങ്ങളിലെ പ്രവർത്തനരീതികളും, ജീവിതമുറകളും, പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന 'ആ സത്യ' ത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്”. (അക്രൈസ്തവമതങ്ങൾ നമ്പർ 2)

നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം ജൂലൈ 3-ന് സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളന

ങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവക കളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനം ആഘോഷിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാ വനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

പ്രവാസികളായ സീറോ മലബാർ കത്തോലിക്കർക്ക് ഇനിയും പലസ്ഥലങ്ങളിലും അർഹമായ സഭാസംവിധാനങ്ങളോ, സ്വന്തം സഭാപാരമ്പര്യങ്ങൾക്കനുസൃതമായ അജപാലനശുശ്രൂഷയ്ക്കുള്ള ക്രമീകരണങ്ങൾ പോലുമോ ലഭ്യമായിട്ടില്ല. പരി. സിംഹാസനം അത്തരം സംവിധാനങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തിത്തരാൻ തയ്യാറാണെങ്കിലും തടസ്സങ്ങൾ ഏറെയുണ്ട്. അവ തരണം ചെയ്യാ നുള്ള ശ്രമങ്ങൾ നീണ്ടു പോകുന്നതുകൊണ്ട് നമ്മുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇന്ത്യയിലെ 29 സീറോ മലബാർ രൂപതകൾക്കുപുറത്ത് പ്രവാസിക ളായി കഴിയുന്ന സീറോ മലബാർ വിശ്വാസികൾ തങ്ങൾക്ക് സ്വന്ത മായി സഭാസംവിധാനങ്ങൾ ലഭിക്കുന്നതിനുവേണ്ടി ജൂലൈ 2 -ാം തീയതി ഉപവാസ പ്രാർത്ഥനാദിനം ആചരിക്കുകയാണ്. സഭാമക്കൾ എല്ലാവരും ഈ പ്രാത്ഥനായജ്ഞത്തിൽ അവരോട് പങ്കുചേ രണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾക്കേവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും വി. തോമാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും,
ഈശോയിൽ സ്നേഹപൂർവ്വം,



**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് മെയ് മാസം 23-ാം തീയതി നല്കപ്പെട്ടത്.

N.B : ഈ ഇടയലേഖനം 2015 ജൂലൈ 3-ാം തീയതിക്ക് മുൻപത്തെ ഞായറാഴ്ച (ജൂൺ 28-നു) കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 0750/2015

# സർക്കുലർ- രാജ്കോട്ട് രൂപതാസന്ദർശനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2015 ഏപ്രിൽ 7 മുതൽ 13 വരെ രാജ്കോട്ട് രൂപതയിൽ എന്റെ അജപാലനസന്ദർശനത്തിന്റെ ദിവസങ്ങളായിരുന്നു. ചാൻസലർ ബഹു. ആന്റണി കൊള്ളന്നൂർ അച്ചനും സെക്രട്ടറി ബഹു. സെബിൻ കാഞ്ഞിരത്തിങ്കൽ അച്ചനും എന്റെ കൂടെ വന്നിരുന്നു. 7-ാം തീയതി രാജ്കോട്ട് എയർപോർട്ടിൽ അഭിവന്ദ്യ ജോസ് ചിറ്റൂപ്പറമ്പിൽ സി.എം.ഐ. പിതാവും അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ സി.എം.ഐ പിതാവും സഹപ്രവർത്തകരുമെത്തി ബിഷപ്സ് ഹൗസിലേക്കു കൊണ്ടുപോയതുമുതൽ 13-ാം തീയതി അതേ എയർപോർട്ടിൽ തിരിച്ചെത്തിച്ചതുവരെ പരിപാടികളെല്ലാം ഏറെ ഫലപ്രദമായിരുന്നു ഞങ്ങൾക്കും രാജ്കോട്ട് രൂപതയിലെ ദൈവജനത്തിനും. സന്ദർശനത്തെക്കുറിച്ച് ചാൻസലർ അച്ചൻ തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് സഭയുടെ ഇന്റർനെറ്റ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സന്ദർശനവേളയിൽ രാജ്കോട്ട് രൂപതയെക്കുറിച്ച് എന്റെ മനസ്സിൽവന്ന ചിന്തകൾ ഈ കത്തിലൂടെ നിങ്ങളെ അറിയിക്കുന്നതു നന്നായിരിക്കുമെന്നു കരുതി.

1. പ്രഗൽഭരായ മൂന്നു പിതാക്കന്മാരെയാണ് ഈ രൂപതയ്ക്ക് ഇതുവരെ ലഭിച്ചത് എന്നു എടുത്തുപറയേണ്ടിയിരിക്കുന്നു. മൂവരും രൂപതയെക്കുറിച്ചുള്ള ദർശനത്തിലും പ്രവർത്തനശൈലിയിലും നൈരന്തര്യം പാലിച്ചതിനാൽ രൂപത എന്നും ഇന്നും വളർച്ചയുടെ പാതയിലാണ്. പ്രതിഭാശാലിയും പണ്ഡിതനും പ്രയോഗികബുദ്ധിയുമായിരുന്ന ജോനാസ് തളിയത്ത് പിതാവ് നാലര വർഷത്തോളം രാജ്കോട്ടിനെനയിച്ചു. വിദ്യാഭ്യാസ, സാമ്പത്തിക, നിർവാഹക, പ്രവാസി വിഷയങ്ങളിൽ ഒരുപോലെ പ്രവീണനായ ഗ്രിഗരി കരോട്ടെമ്പ്രേൽ പിതാവിനെ രാജ്കോട്ട് രൂപതയുടെ ശില്പി എന്നു വിളിക്കാവുന്നതാണ്. 27 വർഷം രൂപതയെ നയിച്ച പിതാവ് ഇപ്പോൾ അദ്ധ്വാനം കൈവെടിയാതെ വിശ്രമജീവിതത്തിലാണ്. 2010 മുതൽ രൂപതയുടെ അജപാലനനേതൃത്വം വഹിക്കുന്ന ജോസ് ചിറ്റൂപ്പറമ്പിൽ പിതാവ് സാമൂഹിക സേവനത്തിൽ ആഴമായ അറിവും പ്രായോഗിക പരിജ്ഞാനവും കൈമുതലാക്കിയുള്ള അശ്രാന്തപരിശ്രമിയാണ്.

2. സി.എം.ഐ. സന്യാസസമൂഹം ഭാരതസഭയ്ക്കു നല്കിയ സംഭാവനയാണ് രാജ്കോട്ട് രൂപതയെന്നു പറയാം. ഇതുവരെ മൂന്നു സി.എം.ഐ. പിതാക്കന്മാരും രൂപതയുടെ ആരംഭം മുതലേ സേവനനിരതരായിരുന്ന സി.എം.ഐ. വൈദികരുമാണ് രൂപതയ്ക്കു ഊടും പാവും നെയ്തത്. അവരോടൊപ്പം മറ്റു സന്യാസിനീസമൂഹങ്ങളും ഓരോരോ ഘട്ടങ്ങളിൽ ചേർന്ന്

പ്രവർത്തിക്കുവാൻ തുടങ്ങി. അക്കൂട്ടത്തിൽ ഗ്രിഗരി പിതാവ് സ്ഥാപിച്ച രണ്ടു സന്യാസിനീ സമൂഹങ്ങളും - ദേവപ്രിയാ സിസ്റ്റേഴ്സും (61), അൽഫോൻസാ സിസ്റ്റേഴ്സും (18) - ഇന്നും സേവനം ചെയ്യുന്നു. സി.എം.ഐ. വൈദികർക്കു പുറമേ 33 രൂപതാ വൈദികരും തീക്ഷ്ണതയോടെ മിഷൻ രംഗത്തുണ്ട്. പല പ്രധാനപ്പെട്ട ശുശ്രൂഷകൾക്കും രൂപതാ വൈദികരാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്.

3. വി. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ ബഹുമുഖമായ അജപാലന ശൈലിയാണ് രാജ്കോട്ട് രൂപതയിൽ പിതാക്കന്മാരും മറ്റു മിഷണറിമാരും അനുവർത്തിച്ചിട്ടുള്ളത്. പള്ളികൾ, ആശ്രമങ്ങൾ, കന്യകാലയങ്ങൾ, സ്ക്കൂളുകൾ (75), ആർട്സ്, കൊമേഴ്സ് & സയൻസ് കോളേജ് (1), പോളിടെക്നിക് (1), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (1), ആശുപത്രികൾ (3), സാമൂഹികസേവനത്തിന്റെ വ്യാപകമായ ശൃംഖല ഇങ്ങനെ പോകുന്നു ആ ബഹുമുഖത്വം. പ്രവർത്തനമാരംഭിച്ചിട്ട് വെറും മൂന്നു വർഷങ്ങൾ മാത്രമാ യിട്ടുള്ള ക്രൈസ്റ്റ് ആശുപത്രിയുടെ വളർച്ച ത്വരിതഗതിയിലാണ്. കാര്യക്ഷമ മായി പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കാർഡി യോളജി സർജിക്കൽ ലബോറട്ടറി ഈ അജപാലന സന്ദർശനത്തിനിടയിൽ ആശീർവദിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്.

4. സമൂഹ വളർച്ചയ്ക്ക് കിടപിടിക്കുന്ന രീതിയിലാണ് വിദ്യഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകളും അഭ്യസനരീതിയും. ഒരു ആർട്സ്, കോമേഴ്സ് ആൻഡ് സയൻസ് കോളേജും ഒരു പോളിടെക്നിക്കും ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും വികസനം ലക്ഷ്യമാക്കിയുള്ള സർക്കാരുകളുടെ ഭരണത്തിൽ പങ്കുചേരുവാൻ യോഗ്യരായ യുവതലമുറയെ സജ്ജമാക്കുമെന്നതിൽ സംശയമില്ല. ഗുണമേന്മ (quality) ആണ് രാജ്കോട്ട് സ്ഥാപനങ്ങളുടെ മുഖമുദ്ര.

5. രാജ്കോട്ട് രൂപതയിൽ സ്ഥാപനങ്ങളുടെ പേരുകൾ, ക്രൈസ്റ്റ് കോളേജ്, ക്രൈസ്റ്റ് ഹോസ്പിറ്റൽ, സെന്റ് മേരീസ് എന്നിങ്ങനെ പൊതുവായ ക്രൈസ്തവ സാക്ഷ്യത്തിനുപകരിക്കുന്നവയാണ് എന്നു കാണാം. ശുശ്രൂഷ ചെയ്തു കടന്നുപോയവരുടെ മെമ്മോറിയലായി ഒന്നും തന്നെ സ്ഥാപിക്കപ്പെട്ടിട്ടില്ല. പേരുകൾ തന്നെ സുവിശേഷവത്ക്കരണമായിരിക്കുന്നു. ഈ രീതി സഭമുഴുവനിലും ഇനിയെങ്കിലും പാലിക്കപ്പെട്ടിരുന്നെങ്കിൽ!

6. രൂപതയുടെ ആരംഭം മുതലേ സാംസ്കാരികാനുരൂപണത്തിന് പിതാക്കന്മാരും മറ്റു മിഷണറിമാരും വേണ്ടത്ര പ്രാധാന്യം നല്കിയിരുന്നു. ഗുജറാത്തി ഭാഷയുടെ ഉപയോഗം എവിടെയും പതിവായിട്ടുണ്ട്. കീർത്തനങ്ങൾ, ഗീതങ്ങൾ ഇവയെല്ലാം ഗുജറാത്തി പ്രാർത്ഥനയുടെ ശൈലിയിലാണ് ആലപിക്കുന്നത്. ഇനിയും


കൂടുതലായുള്ള സാംസ്കാരികാനുരൂപണം ആവശ്യമാണ് എന്ന് കരുതുന്നവരുമുണ്ട്. ഈ സന്ദർഭത്തിൽ ഒരു കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു, സാംസ്കാരികാനുരൂപണത്തിന്റെ പേരിൽ ക്രൈസ്തവ വിശ്വാസത്തിന്റെയും ആരാധനയുടെയും അന്തഃസത്ത അവഗണിച്ചാൽ സുവിശേഷവത്ക്കരണത്തിന്റെ ലക്ഷ്യം തന്നെ തിരസ്കൃതമാകും ഹൈന്ദവമതത്തിലെ പൂജാവിധികളുടെ കൂടെ ഒരു പൂജാവിധികൂടി ക്രൈസ്തവർ ഭാരതജനതയ്ക്കു നല്കിയെന്നു പറയാനേഅത്തരം ഭാരതവത്ക്കരണം കൊണ്ടു നേടാൻ കഴിയൂ. ക്രൈസ്തവ വെളിപാടിന്റെ തനിമ കാത്തുസൂക്ഷിച്ചുകൊണ്ട് ക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതത്തെ വിശിഷ്യ പീഡാസഹനം, മരണം, ഉത്ഥാനം എന്നീ സംഭവങ്ങളെ അനുസ്മരിച്ച് ആഘോഷിക്കുന്ന വി. കുർബാനക്രിസ്തുവിന്റെ ആത്മസമർപ്പണത്തെ സ്വന്തം ജീവിതസമർപ്പണത്തിനു ശക്തിപകരുന്ന അനുഭവമാക്കി മാറ്റുവാൻ ഉപയുക്തമാകണം. അതിനു സഹായകമാകുന്ന ഭാരതീയ സാംസ്കാരികാംശങ്ങൾ മാത്രമേ ക്രൈസ്തവരാധനയിൽ ഉൾച്ചേർക്കുവാൻ ഉതകുകയുള്ളൂ.

7. രാജ്കോട്ടിലെ സീറോ മലബാർ കത്തീഡ്രൽ സാംസ്കാരികാനുരൂപണ ത്തിന്റെ ഉത്തമോദാഹരണമാണ്. പുറമേ നിന്നു വീക്ഷിച്ചാൽ മുകളിൽ കുരിശ് വച്ചിരിക്കുന്ന ഗുജറാത്ത് മോഡൽ ഹൈന്ദവ ക്ഷേത്രമാണെന്നേ തോന്നൂ. ഉള്ളിൽ കയറുമ്പോൾ സീറോ മലബാർ ആരാധനയ്ക്ക് ഉപകരിക്കുന്ന രീതിയിൽ മദ്ബഹയും ഹയ്ക്കലായും സംവിധാനം ചെയ്തിരിക്കുന്നു. മദ്ബഹായുടെ പിറകിലത്തെ ഭിത്തിയിൽ ഭാരതീയ ശൈലിയിൽ ചിത്രീകരിച്ചിരിക്കുന്ന ഉത്ഥിതനായ മിശിഹായുടെ ഗുരുവെന്ന ഭാവത്തിലുള്ള രൂപം അമൂല്യമായ കലാസൃഷ്ടിതന്നെയാണ്. വൃത്താകൃതിയിലുള്ള അകംചുവരിൽ കർത്താവായ ക്രിസ്തുവിന്റെ പീഡാനുഭവ രംഗങ്ങളും മരണവും ഉത്ഥാനവും ഗുജറാത്ത് കലാരൂപത്തിൽ കൊത്തിവച്ചിട്ടുണ്ട്. അതിനു മുകളിൽ ഗുജറാത്തിന്റെ പ്രത്യേകതകളായ മൃഗങ്ങളും കലാരൂപങ്ങളും ചിത്രീകരിച്ചിരിക്കുന്നു. ഹയ്ക്കലായുടെ നടുവിൽനിന്ന് മുകളിലേക്കു നോക്കിയാൽ ലോകമതങ്ങളെ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ കൊത്തിവച്ചിരിക്കുന്നതു കാണാം. ഉത്തരഭാരതത്തിലെ സീറോ മലബാർ കത്തീഡ്രലുകളിൽ രാജ്കോട്ട് സേക്രട്ട് ഹാർട്ട് കത്തീഡ്രൽ എന്തുകൊണ്ടും അതുല്യമായ കലാശില്പമാണ്. അഭിവന്ദ്യ ഗ്രിഗറി പിതാവിന്റെ അജപാലനകാലത്താണ് ഈ കത്തീഡ്രൽ ദൈവാലയം രൂപകല്പന ചെയ്ത് പണിയപ്പെട്ടത്.

8. സാമൂഹികസേവനരംഗത്ത് കച്ച് വികാസ് ട്രസ്റ്റ് ചെയ്യുന്ന സേവനം സവിശേഷ ശ്രദ്ധയർഹിക്കുന്നു. 250 ഏക്കർ സ്ഥലത്ത് സേവനകേന്ദ്രങ്ങളുടെ ഒരു സമുച്ചയം തന്നെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഭിന്നശേഷിയുള്ളവർക്കായുള്ള വിവിധ

പരിശീലനഭവനങ്ങൾ, സ്ക്കൂളുകൾ, ആശുപത്രി എന്നിവയ്ക്കു പുറമേ കൃഷിയും പശുവളർത്തലും വൻതോതിൽ ചെയ്തുവരുന്നു. ഇതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് നവജീവൻ ട്രസ്റ്റ്. ഗുജറാത്തിലെ NGO കളിൽ പ്രമുഖസ്ഥാനമുള്ള ഈ ട്രസ്റ്റു വഴിയാണ് രൂപതാതലത്തിലുള്ള സാമൂഹ്യപ്രവർത്തനങ്ങളെല്ലാം നടത്തപ്പെടുന്നത്. എല്ലാ വർഷവും കേന്ദ്ര-സംസ്ഥാനഗവൺമെന്റുകൾ കോടിക്കണക്കിനു രൂപയുടെ പദ്ധതികളാണ് ഈ ട്രസ്റ്റു വഴി നടപ്പാക്കുന്നത്.

ഭൗതികമേഖലയിലാണ് മിഷൻപ്രവർത്തനത്തിന്റെ ഊന്നൽ എന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും ജനങ്ങളുടെ വിശ്വാസജീവിതത്തിൽ ക്രിസ്തുവിന്റെ ജീവിതസന്ദേശം പകരാനും മിഷണറിമാർ അതീവ ശ്രദ്ധവയ്ക്കുന്നുണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹങ്ങളെ ഉരുവാക്കാനുള്ള പരിശ്രമങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ട്. വിവിധ മതങ്ങളിലെ നന്മകളെക്കുറിച്ച് പഠിപ്പിക്കാനും ക്രിസ്തീയവിശ്വാസത്തിന്റെ തനിമയും പൂർണ്ണതയും ആരുടെയും മതവികാരങ്ങളെ വ്രണപ്പെടുത്താതെ രൂപതയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റു പരിശീലനകേന്ദ്രങ്ങളും കൂടുതൽ ശ്രദ്ധവച്ചാൽ മതസൗഹാർദ്ദം പുലർത്തിക്കൊണ്ട് ക്രിസ്തുവിന്റെ സന്ദേശം പകരുവാൻ സാധിക്കുമെന്നതിൽ സംശയമില്ല.



**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്
മൗണ്ട് സെന്റ് തോമസ്, കാക്കനാട് 26/04/2015

---

**Prot. No. 0750/2015**

# CIRCULAR LETTER
# PASTORAL VISIT TO THE EPARCHY OF RAJKOT

Dear Brothers and Sisters in Jesus Christ,

The days from April 7 to 13, 2015, were the days of my pastoral visit in the Eparchy of Rajkot, Gujarat. Rev. Fr. Antony Kollannur, the Chancellor and Rev. Fr. Sebin Kanjirathinkal my secretary accompanied me in this visit. Bp. Jose Chittooparambill CMI, Bp. Emeritus Gregory Karotemprel CMI, representatives of priests and lay faithful welcomed and received us at Rajkot airport. All the days of my visit, from day one till the date of our return, were fruitful both for us and for the faithful of Rajkot. The detailed report about the pastoral visit, prepared by Fr. Chancellor, is uploaded in the website of the Syro Malabar Church. Through this pastoral letter, I would like to share with you the thoughts that emerged in my mind during my pastoral visit in the Diocese of Rajkot.

1. That the Diocese has been blessed with three efficient and visionary bishops

needs a special mention. Since all of them followed the same vision and mission with similar charism and style of functioning, the diocese has always been in the path of growth and development. The farsighted, efficient and intelligent Bishop Jonas Thaliyath led the diocese for four and a half years and laid strong foundations for the future development in all areas. Bishop Gregory Karotemprel CMI too, equally efficient in the field of education, financial management, organization and coordination of Syro Malabar migrant faithful, is the architect of the Diocese of Rajkot. Bishop Gregory, after having led the diocese for 27 years still works hard while enjoying his retired life. Bishop Jose Chittooparambil who took up the episcopate in 2010 is a very illustrious person with profound and vast knowledge and practical experience in the field of social work.

2. It can be rightly said that the Diocese of Rajkot is a significant contribution of the CMI Congregation to the Church in India. It has to be mentioned with great satisfaction that the foundation of the diocese was laid by the three CMI bishops and the CMI religious priests, who were very actively involved in the diocese from its very inception. Later on other women religious congregations also joined the diocese in its mission and evangelization. Among them are the society of Dev Priya Sisters (61 members) and the Society St. Alphonsa (18 members) founded by Bishop Gregory Karotemprel CMI. Along with the CMI priests there are 33 diocesan priests enthusiastically involved in the mission of the diocese. Presently many important offices in the diocese are managed by the diocesan priests.

3. After the example of St. Kuriakose Elias Chavara, the bishops and the missionaries have followed a holistic pastoral approach in this diocese. The many Churches, monasteries, convents, Schools (75), College (1), Management Institute (1), polytechnic Institute (1) hospitals (3) and the chain of social work departments are examples of the diversified and holistic mission approach of the diocese. The Christ hospital, inaugurated just three years ago is in a fast phase of growth and development. I may add that I had the good opportunity to bless the cardiothoracic operation theater, a new addition to the hospital, during my visit.

4. The educational institutions and their policies are oriented towards social development. There is no doubt that the arts, commerce and science college, the polytechnic institute, and the institute of management aim at molding and equipping the young generation to be part of development at a time when the government is all for the development agenda. Quality is the hall mark of the institutions of the diocese of Rajkot.

5. The names of the institutions themselves like, Christ hospital, Christ College, St. Mary's etc are a means of Christian witnessing. No institutions in this diocese have been dedicated to the memories of those served in the institute. Thus the names of the institutions themselves have become an agent for evangelization. How good it would have been if this were practiced throughout our Church.

6. From the very beginning of the diocese the bishops and the missionaries have given due importance to the question of inculturation of faith. The use of Gujarati, the local language, is very common. The prayers and hymns are recited and sung in Guajarati style and tune. Yet there are opinions that there is still need for more inculturation in the diocese.

An important point has to be noted in this regard. In the name of inculturation if we ignore the content and core of Christian faith and worship then the aim of evangelization itself will be jeopardized. With such a kind of inculturation we will have nothing to add to the Christian way of spirituality and practices and will be adding only one more way of worship to the already existing multiform Hindu ways of worships in India. By preserving the integrity of Christian revelation, the Holy Qurbana and the celebration of the salvific events of Christ, especially the suffering, death and resurrection, we must help people to transform the experience for their daily self sacrifice through the eternal sacrifice of Jesus Christ. Only those elements from the Indian culture that can make the aim of the liturgy clearer to the people shall be included in the Christian worship.

7. The cathedral of the Diocese of Rajkot is a telling example of inculturation. From the outside it resembles a Guajarati temple with a cross on its top. The inside of the cathedral is set with the Nave (Haikla) and the Sanctuary (Mad'bha) suitable for Syro Malabar worship. The image of the risen Christ depicted in the Indian style at the back wall of the sanctuary is an excellent form of art. The images of the suffering, death and resurrection of Christ are drawn on the stained glass inside on the Cathedral wall. The symbols of world regions are depicted in a beautiful way inside the dome of the Cathedral. Among the Syro Malabar cathedrals in north India, the Sacred Heart Cathedral at Rajkot is an exceptional monument of art. It was designed and constructed during the episcopate of Bp. Gregory Karotemprel CMI.

8. The social work in the diocese is coordinated mainly by the Navjeeavn Trust and Kucth Vikas Trust. One may wonder at the volume of social work undertaken by these trusts in the diocese of Rajkot for the poor, the marginalized, the mentally and physically challenged, the HIV affected people etc. The Kutch Vikas Trust with its allied centres of social work is spread around 250 acres of land. Among them are the training centres for the differently abled, school and boarding, hospital for the visually impaired etc. Along with these, agriculture and farming are also undertaken on a large scale.

Though a peripheral look at the diocese will create an impression that the thrust of the mission work is in the material level, the missionaries are keen on imparting the life and message of Christ to the people. Efficient efforts to form Christian faith communities are fruitfully undertaken. Sincere efforts by our institutions to preserve the religious harmony and to teach the future generation the goodness in other religions, without losing the identity and fullness of Christian faith, will surely help spread the message of Christ in this border state of India.

**George Cardinal Alencherry**
Major Archbishop of the Syro Malabar Church

Mount St Thomas, Kakkanad
April 26, 2015

**21st May, 2015**

# Circular Letter on National Eucharistic Congress in Mumbai

Your Eminence/Beatitude/Grace/Excellency,

Prayerful greetings to you in the name of our Lord!

Our country was privileged to have the International Eucharistic Congress fifty years ago. This historic event took place from November 28 – December 6, 1964, in Mumbai (then Bombay). The first ever Papal pilgrimage to our country was the highlight of the event, when Blessed Paul VI visited us on that occasion. The beginning of the Golden Jubilee of the Eucharistic Congress was celebrated last year with a Diocesan Eucharistic Congress in the Archdiocese of Bombay.

In order to conclude the yearlong celebrations, the Catholic Bishops' Conference of India is organising a National Eucharistic Congress this year from November 12-15. His Eminence Oswald Cardinal Gracias, the Archbishop of Bombay, assisted by a National Organising Committee, will host this Congress. We hope to get a Papal Delegate for this Celebration to represent Holy Father Pope Francis. All our Bishops and five delegates from each Diocese are invited to participate in this event. His Eminence Cardinal Gracias will get in touch with you shortly to communicate more details about this program.

It is our prayer and hope that the National Eucharistic Congress would help us understand the mystery of the Eucharist better, to receive the Eucharist with deeper devotion and to live the Eucharist in our lives more intensely. We believe that this Eucharistic Congress will increase the Eucharistic life of the Church in India. Hence I urge you to be part of this celebration and follow the directions of Cardinal Gracias in this matter. Kindly pray for the success of the National Eucharistic Congress in Mumbai.

Yours lovingly in our Lord,

**Baselios Cardinal Cleemis**
Major Archbishop-Catholicos&
President, CBCI

# DIRECTIVES AND INFORMATIONS WHICH EMERGED FROM THE PRIESTS' CONFERENCE HELD ON 05-5-2015

1. Since the Year of the Consecrated is almost on the half way, the concerned committees in various levels are to be more earnest in this matter and speed up the implementation of the action plan of the year.
2. Bishop thanked the priests who sincerely cooperated along with the religious and the laity for conducting the Vocation Week programmes (camp and Prayer & Fast programme) successfully.
3. All were reminded of the need of conducting vacation programmes for youth and children in the parishes and mission centres.
4. All were requested to take Maundy Thursday collection very seriously because it is meant exclusively for the formation of the seminarians of the eparchy. Please entrust maximum possible collection to the Finance office of the eparchy as soon as possible.
5. The suggestions which arose from the Refresher course of priests at Chinthamanipudur are to be implemented under the leadership of the agenda committee of the Presbyteral council.
6. The day for Monthly recollection of priests will be the first Tuesday of every month, except the Months of June, August and September (days of annual retreat).
7. All were requested to find out maximum financial resources for realization of the proposed Mother Theresa Peace Home, Tirupur.
8. The annual therattu of the respective parishes, mission centres, institutions and associations is to be submitted for CA audit and internal audit in time and afterwards to the Eparchial Curia at fixed time itself along with the list of new kaikars after due approval in the concerned body of the parishes, mission centres, institutions, associations etc.
9. In connection with the reception of the sacraments, if there is Holy Mass, then there is no need of The Deum (”Stosthrageetham”) again.
10. The last date for submission of the list of the award/prize winners from the parishes, institutions etc. in connection with the Eparchial day is 15th May.
11. The Holy Father Francis intends to open a new year on the 08th December of this year for the observance of the whole Church and it will be known as “The Year of the Divine Mercy”.

# സമർപ്പിതസംഗമം

പ്രിയ ബ.അച്ചാ, ബ്രദർ, സിസ്റ്റർ, സുഹൃത്തേ,

കത്തോലിക്കാസഭ ഈ വർഷം സമർപ്പിതവർഷമായി ആചരിക്കുന്ന കാര്യം താങ്കൾ ഇതിനകം അറിഞ്ഞുകാണുമല്ലോ. സഭയുടെയും സമൂഹത്തിന്റെയും നവീകരണത്തിലും നിർമ്മിതിയിലും സമർപ്പിതരുടെ പ്രസക്തിയും പ്രാധാന്യവും ദൗത്യവും അവർക്കും മറ്റുള്ളവർക്കും ആഴത്തിൽ ബോദ്ധ്യപ്പെടാൻ നല്ല ദൈവം കാരുണ്യപൂർവ്വം നല്കിയ ഒരു വർഷമാണിത്. അവരെ ബഹുമാനിക്കാനും വിവിധ മേഖലകളിൽ അവർ ചെയ്തുകൊണ്ടിരിയ്ക്കുന്ന നിസ്തുലമായ ശുശ്രൂഷകൾ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും സമർപ്പിത ജീവിതത്തിലേയ്ക്കുള്ള ദൈവവിളികൾ പരിപോഷിപ്പിക്കാനും ഈയവസരത്തിൽ നമുക്ക് കഴിയണം.

ഇതിന്റെ ഭാഗമായി രാമനാഥപുരം രൂപത രാമനാഥപുരം കത്തീഡ്രലിൽ രൂപതാതല സമർപ്പിതസംഗമം സംഘടിപ്പിച്ചിരിക്കുകയാണ്. 14.06.2015 ഞായറാഴ്ച കാലത്ത് 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയുള്ള പ്രസ്തുത പരിപാടിയിലേക്ക് താങ്കളെ പ്രത്യേകം ക്ഷണിക്കുന്നു.

രാമനാഥപുരം രൂപതയ്ക്ക് പുറത്ത് ശുശ്രൂഷകൾ ചെയ്യുന്ന രൂപതാംഗങ്ങളും രാമനാഥപുരം രൂപതയിൽ ശുശ്രൂഷ ചെയ്ത് മറ്റു രൂപതകളിലേയ്ക്കും സന്യസസമൂഹങ്ങളിലേയ്ക്കും തിരിച്ചുപോയവരും ഇപ്പോൾ രൂപതയ്ക്കുള്ളിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നവരുമായ സന്യാസിനീസന്യാസികളും സന്യാസർത്ഥികളും രൂപതാവൈദികരും വൈദികവിദ്യാർത്ഥികളും ഇടവക/മിഷൻ സെന്റർ കൈക്കാരന്മാരും സംഘടനകളുടെ രൂപതാ ഭാരവാഹികളും രൂപതാ പാസ്റ്ററൽ കൗൺസിൽ അജണ്ടാ കമ്മിറ്റിയംഗങ്ങളുമാണ് ഈ പരിപാടിയിൽ ആ്യന്തം പങ്കുചേരേണ്ടത്. ഈ ഹൃദ്യമായ പരിപാടി ആസൂത്രണം ചെയ്യുന്നതിനും വിജയിപ്പിക്കുന്നതിനും നിങ്ങളെല്ലാവരുടെയും സാന്നിദ്ധ്യവും പ്രാർത്ഥനയും സഹായവും സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നു ക്ഷണക്കത്തിന് വേണ്ടി കാത്തിരിക്കരുത്.

സ്നേഹപൂർവ്വം,

**മോൺ. ജോർജ്ജ് നരിക്കുഴി**
ചെയർമാൻ,
രൂപതാ സമർപ്പിതവർഷ കമ്മിറ്റി

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

# അറിയിപ്പ്

ഡോട്ടേഴ്സ് ഓഫ് ചാരിറ്റി ഓഫ് മോസ്റ്റ് പ്രഷ്യസ് ബ്ലഡ് (D.C.P.B.) സന്യാസിനീ സഭയിലെ അംഗമായിരുന്ന ഡോ. ലീനാ മാളിയേക്കലിന്റെ സന്യാസിനീ സഭയിലെ അംഗത്വം വത്തിക്കാനിലെ Congregation for Institutes of Consecretaed Life and Societies of Apostolic Life നൽകിയ Prot. N. 23076/2011 കല്പന പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്.

ഡോ. ലീന തനിക്ക് ലഭിച്ചു എന്നുപറയുന്ന "വെളിപാടുകളെ" ആസ്പദമാക്കി ഒരു സമൂഹം രൂപീകരിക്കുകയും കത്തോലിക്കാസഭയുടെ ഔദ്യോഗിക നിലപാടുകൾക്ക് നിരക്കാത്ത പഠനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തതിനാൽ ആവശ്യമായ പഠനങ്ങൾക്കും ആലോചനകൾക്കും വിലയിരുത്തലുകൾക്കും പ്രാർത്ഥനാപൂർവ്വമായ വിചിന്തനങ്ങൾക്കും ശേഷം എറണാകുളം - അങ്കമാലി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് അത്തരം "വെളിപാടുകൾ" പഠിപ്പിക്കുന്നതിൽ നിന്നും പ്രചരിപ്പിക്കുന്നതിൽ നിന്നും ഡോ. ലീനയെ വിലക്കിയിട്ടുള്ളതാണ്. അതിനാൽ, ഡോ. ലീന നടത്തുന്ന അത്തരം പ്രവർത്തനങ്ങൾക്ക് സഭയുടെ അംഗീകാരം ഇല്ലാത്തതാകുന്നു.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
പ്രോട്ടോ സിഞ്ചെല്ലൂസ്

(എറണാകുളം മിസ്സം, ഏപ്രിൽ 2015, പേജ് 37)

# രൂപതാകാര്യാലയം

**A. <u>ഓർമ്മിക്കേണ്ട ദിവസങ്ങൾ</u>**

04 : പ. കുർബാനയുടെ തിരുനാൾ
05 : ആദ്യവെള്ളി
08 : വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ
09 : മാർ അപ്രേം
11 : അപ്പസ്തോലനായ വി. ബാർണബാസ്
12 : ഈശോയുടെ തിരുഹൃദയതിരുനാൾ
13 : മാതാവിന്റെ വിമലഹൃദയതിരുനാൾ
പാദുവായിലെ വി. അന്തോണീസ്
20 : വി. ജോൺ ഫിഷർ & വി. തോമസ് മൂർ
24 : വി. സ്നാപകയോഹന്നാന്റെ ജനനം

27 : വി. ഇരനേവൂസ്

29 : അപ്പസ്തോലന്മാരായ വി. പത്രോസും വി. പൗലോസും

## B. ബ. വൈദികരുടെ മാസധ്യാനവും സമ്മേളനവും:

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ അടുത്ത മാസധ്യാനവും സമ്മേളനവും 02.06.2015 ചൊവ്വാഴ്ച്ച കാലത്ത് 10 മണി മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ ധാരാപുരത്ത് വച്ചുണ്ടായിരിക്കും. വൈദികരെല്ലാവരും ആദ്യന്തം അതിൽ പങ്കുചേരണം.

## C. രൂപതാദിനം – 13.06.2015 ശനിയാഴ്ച:

മുൻ ലക്കങ്ങളിൽ അറിയിച്ചിരുന്നതുപോലെ, അടുത്ത രൂപതാദിനാഘോഷം 13.06.2015– ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രാമനാഥപുരം കത്തീഡ്രലിലെ പ്രാർത്ഥനാ ശുശ്രൂഷയോടുകൂടി തുടങ്ങും. പാസ്റ്ററൽ കൗൺസിലംഗങ്ങളും  രൂപതാ റിസോഴ്സ് ടീമംഗങ്ങളും ഇടവകകളുടെയും മിഷൻ കേന്ദ്രങ്ങളുടെയും കൈക്കാരന്മാരും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാരുംരൂപതയിൽ വിവിധ സമ്മാനങ്ങൾക്കും അംഗീകാരങ്ങൾക്കും അർഹരും പൗരോഹിത്യ–സന്യാസ–വിവാഹജൂബിലിയാഘോഷിക്കുന്ന എല്ലാവരും നിർബന്ധമായും ആഘോഷത്തിൽ പങ്കുചേരണം. പ്രത്യേകം ക്ഷണക്കത്ത് അയയ്ക്കുന്നതല്ല. ഇക്കാര്യം ബ. അച്ചന്മാർ ബന്ധപ്പെട്ടവരെ അറിയിക്കണം.

## D. സമർപ്പിതസംഗമം (14.06.2015–ന് ഞായറാഴ്ച)

കത്തോലിക്കാസഭയുടെ സമർപ്പിതവർഷാചരണത്തോടനുബന്ധിച്ച് രൂപതാതലത്തിൽ സംഘടിപ്പിച്ചിട്ടുള്ള സമർപ്പിതസംഗമം 14.06.2015–ന് ഞായറാഴ്ചയാണെന്ന് മുമ്പ് അറിയിച്ചിരുന്നല്ലോ. രാമനാഥപുരം കത്തീഡ്രലിൽ അന്ന് കാലത്ത് 9.30–ന് ആരംഭിക്കുന്ന പ്രസ്തുത സംഗമത്തിലേയ്ക്ക് രൂപതയ്ക്ക് പുറത്ത് ശുശ്രൂഷ ചെയ്യുന്ന രൂപതാംഗങ്ങളായ വൈദികരേയും സന്യസ്തരേയും വൈദിക–സന്യാസാർത്ഥികളേയും രൂപതയ്ക്കുള്ളിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരേയും സന്യസ്തരേയും വൈദിക സന്യാസാർത്ഥികളേയും സംഘടനകളുടെ രൂപതാ ഭാരവാഹികളേയും കൈക്കാരന്മാരേയും പാസ്റ്ററൽ കൗൺസിൽ അജണ്ടാ കമ്മറ്റിയേയും പ്രതീക്ഷിക്കുന്നുണ്ട്. അതുപോലെ, ഈ രൂപതാതിർത്തിയിൽ ശുശ്രൂഷ ചെയ്ത് തിരിച്ചുപോയ മേൽപ്പറഞ്ഞവരേയും പ്രതീക്ഷിക്കുന്നുണ്ട്. അവരെ എല്ലാവരെയും അറിയിച്ച് ഈ പരിപാടിയിലേയ്ക്ക് കൊണ്ടുവരാൻ അതതു അതിർത്തിയിലെ ബ. വികാരിയച്ചന്മാരും സന്യാസാധികാരികളും ശ്രമിക്കണം.
